കോറോണ: കൂട്ടത്തിന്റെ ഭ്രമത്തിൽ നിന്ന് ഏകാന്തതയുടെ ശക്തിയിലേക്ക്

ജഗദ്ഗുരു സ്വാമി ഈശ

വൈവിധ്യമാർന്ന മാദ്ധ്യമങ്ങളിലൂടെ വലിയ കൂട്ടങ്ങളെ സൃഷ്ടിച്ച് ശക്തി തെളിയിച്ച് ലോകത്തെ കീഴടക്കുന്ന മനുഷ്യനെ ഏകാന്തതയുടെ ശക്തിയിലേക്ക് കാലം നയിക്കുന്ന കോറോണ. സംഹാരശക്തിയായി ഭീതി പരത്തി ജീവനെടുത്ത് ലോകത്തെ വിഴുങ്ങുമ്പോൾ പരിഭ്രാന്തരായി അവരവരുടെ മാളങ്ങളിലേക്ക് സുരക്ഷതേടുന്ന കാഴ്ച. വീടുകളടച്ച് ,സ്ഥാപനങ്ങളടച്ച് രാജപാതകൾ ശൂന്യമാക്കി രാജ്യപരിധികളടച്ച് പ്രാർത്ഥനാലയങ്ങൾ അടച്ച് ജീവനുവേണ്ടി പ്രാർത്ഥിക്കുന്ന മർത്യന്റെ ദീനമായ ചിത്രം. കാലാൾപടയിൽ തുടങ്ങി ഗോളാന്തരയുദ്ധത്തിന് കോപ്പുകൂട്ടുന്ന മനുഷ്യൻ രാസായുധങ്ങളും ജൈവായുധങ്ങളും പ്രയോഗിക്കാൻ വൈദഗ്ധ്യം നേടുമ്പോൾ അവന്റെ കൈയിലൊതുങ്ങാതെ അവനെ വിഴുങ്ങാൻ കുരുക്ഷേത്രം രചിക്കുന്ന വൈറസ്. നഗ്നനേത്രത്തിന് അഗോചരമായ ഈ ചെറിയവന്റെ വലിയ കർമ്മത്തിൽ ഭീതരായി ഭരണകർത്താക്കളും ശാസ്ത്രജ്ഞൻമാരും സാധാരണക്കാരും ഭേദമില്ലാതെ ശസ്ത്രപാദനത്തിന് വിധേയനായി പതിക്കുന്ന ചിത്രം. സ്വാർത്ഥതയുടെ ഇരുൾ മതിലുകളെ പൊളിച്ചു മാറ്റി ഓരോ മനുഷ്യനും ആഴത്തിലുംപരപ്പിലും ഉയർന്നു ചിന്തിക്കേണ്ട കാലഘട്ടം.

ഇത് അപ്രതീക്ഷിതമായി വന്ന ദുരന്തമല്ല. മനുഷ്യന് മനുഷ്യനാകാൻ വേണ്ട അറിവും വികാരവും കർമ്മവും പകർന്നുകൊടുക്കാത്തതിന്റെ ദുരന്തമാണ്. ഭോഗലോകത്തിനുവേണ്ടി മാത്രം ചെയ്യുന്ന വിദ്യാഭ്യാസത്തിന്റെ അനന്തരഫലം. തന്നിൽ നിന്ന് അന്യമാണ് ഈ ലോകവസ്തുക്കളെന്നും അതിലാണ് മൂല്യത നിലനിൽക്കുന്നതെന്നും തന്നെ കളഞ്ഞ് മീൻ പിടിക്കാനുള്ള വൈശിഷ്ട്യമാണ് ഒരു മനുഷ്യൻ ആർജ്ജിക്കേണ്ടതെന്നും അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുന്ന കാലം മുതൽ അമ്മയിലൂടെ അച്ഛനിലൂടെ കുടുംബത്തിലൂടെ സമൂഹത്തിലൂടെ വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കുന്ന ഒരേ ഒരറിവ്. പുറത്തെ സ്വത്താണ് ഏറ്റവും വലിയ

സ്വത്തെന്നും ഏതുവിധേനയും അതാർജിച്ച് ജീവിതം സുഖവും ശാന്തവും ആനന്ദവും ആക്കാൻ കഴിയും എന്നു പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുകയാണ്.

ഒരു കോശത്തിൽ നിന്ന് ഒരായിരം കോശത്തിലൂടെ ഒരു മനുഷ്യനായി മാറി, ജൈവാജൈവ രാസപ്രക്രിയയിൽ ഉണ്ടായ താൻ നിലനിൽക്കുന്നത് തന്റെ ശരീരത്തിന്റെ ഭാഗ മായ പുറം ലോകമുള്ളതുകൊണ്ടാണെന്നും ഈ രണ്ടു ശരീരങ്ങളും രണ്ടല്ലായെന്നും പുറത്തു ണ്ടായാൽ അത് അകത്തുണ്ടാകുമെന്നും അകത്തുണ്ടായാൽ അതു പുറത്തേക്കു പോകു മെന്നും പ്രായഭേദമില്ലാതെ, സ്ഥാനമാനഭേദമില്ലാതെ ഓരോ മനുഷ്യനേയും കോറോണ ഒരു കുഞ്ഞിനെ പഠിപ്പിക്കും പോലെ പഠിപ്പിച്ചു തരികയാണ്.

കണ്ണു തുറക്കേണ്ട കാലം അതിക്രമിച്ചു. പൂർണ്ണബോധം പകർന്നു കൊടുക്കുന്ന വിദ്യാഭ്യാ സത്തിന്റെ അഭാവമാണ് തന്നെയും ലോകത്തേയും നശിപ്പിക്കാൻ താണ്ഡവനൃത്തം നട ത്തുന്ന കോറോണയുടെ പിന്നിൽ. മരുന്നു കണ്ടുപിടിക്കാത്ത കോറോണയ്ക്ക് മരുന്നായിട്ടു ള്ളത് അവനവന്റെ പ്രതിരോധശേഷിയാണ്. ശരീരത്തേയും മനസ്സിനേയും ബുദ്ധിയേയും നല്ലതും ശുദ്ധവുമായ ആഹാരത്തിലൂടെയും വികാരത്തിലൂടെയും വിചാരത്തിലൂടെയും പ്രാണ ശക്തിക്ക് പ്രതിരോധശേഷി നേടിയെടുക്കാൻ വേണ്ട ജീവിതചര്യാക്രമം അനിവാര്യമാണ്. ആൾക്കൂട്ടത്തെ കൂട്ടാനും ആൾക്കൂട്ടമാകാനും ജീവിതമുഴിഞ്ഞുവയ്ക്കുന്ന മനുഷ്യൻ അവനെ ശുദ്ധവും ശക്തവും ശാന്തവുമാക്കുന്ന ഏകാന്തതയെ ഉപേക്ഷിക്കുന്നു.

തന്നെ തിരിച്ചറിഞ്ഞ്, തന്റെ കുറവുകളെ പരിഹരിക്കാൻ വേണ്ട സാഹചര്യം സൃഷ്ടിച്ച് നല്ല മനുഷ്യനാകാൻ വേണ്ട പ്രായോഗിക അറിവിന്റെ അഭാവമാണ് ഇന്നത്തെ ദുഃഖത്തിനു കാരണം. ഭോഗ വിവരത്തിന്റെ കണ്ണിയാക്കി മനുഷ്യനെ മാറ്റിയതിലൂടെ സമയമില്ലാത്ത മനു ഷ്യന്റെ ജീവിതം അവനെയറിയാൻ അവനിന്നു സമയമില്ല. മറ്റെല്ലാമറിയാൻ സമയവും ദേശവു മെല്ലാമുണ്ട്. തന്നെ മറന്നവൻ ഈ ലോകത്തെ എങ്ങനെ രക്ഷിക്കും? എങ്ങനെ ശാന്തി പകരും?എങ്ങനെ ആനന്ദമനുഭവിക്കാൻ പ്രപ്തിയുള്ള വ്യക്തിയെ ഉരുത്തിരിച്ചെടുക്കും?.

ഉത്തരം കിട്ടാത്ത ചോദ്യത്തിനുത്തരമായിട്ടാണ് 25 വർഷങ്ങൾക്കു മുൻപ് അകമറിവി നേയും പുറമറിവിനേയും അകലമില്ലാതെ ഏകധാരയിൽ പഠിപ്പിക്കാൻ ഉതകുന്ന "വിദ്യാ ഭ്യാസം പൂർണ്ണബോധത്തിലേക്ക്" എന്ന ബോധനക്രമം സമൂഹത്തിന്റെ കൈകളിലേക്ക് പകർന്നു കൊടുത്തത്. പലകാരണങ്ങളാൽ ഇന്നുവരെ അതു പൂർണ്ണമായി പ്രവൃത്തിമണ്ഡല

ത്തിൽ എത്തിയിട്ടില്ല. ഇനിയൊരു കോറോണ കുരുക്ഷേത്രം സംജാതമാകാതിരിക്കാൻ മനുഷ്യനെ പൂർണ്ണ മനുഷ്യനാക്കുന്ന, പൂർണ്ണബോധത്തിലധിഷ്ഠിതമായ വിദ്യാഭ്യാസം, വിദ്യാഭ്യാസപദ്ധതിയായി മാറണം. ഭരണകർത്താക്കൾ, ശാസ്ത്രജ്ഞന്മാർ, നിയമജ്ഞർ, സാഹിത്യകാരന്മാർ തുടങ്ങി സമൂഹത്തിലെ സമസ്ത ജനങ്ങളിലേക്കും ഈ അറിവ് എത്തിക്കുകയാണ് ഗ്ലോബൽ എനർജിപാർലമെന്റിന്റെ ലക്ഷ്യം. ദുരന്തം വരുത്തി ദുരന്തനിവാരണത്തിനു വേണ്ടി യത്നിക്കുന്നതിനെക്കാൾ ശ്രേഷ്ഠമാണ് ദുരന്തം വരുത്താത്ത വ്യക്തിയെ സൃഷ്ടിക്കൽ. എല്ലാ മനുഷ്യനും അടിസ്ഥാനപരമായി നല്ലവരാണ്. വിവരത്തിന്റെ വ്യത്യാസമനുസരിച്ച് അവരവരുടെ കർമ്മം, ഹിതവും അഹിതവുമായി മാറുന്നു.

ആധുനികലോകത്തിനു സുപരിചിതമായ അടിസ്ഥാനവിവരം നിലനിൽക്കുന്നത് ക്വാണ്ടം എനർജിയിലാണ്. ക്വാണ്ടം എനർജിയുടെ ഓരോ കാലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് സ്പന്ദനാത്മകമായ ശക്തിയിലാണ്. അടിസ്ഥാനസ്പന്ദനമായ ഒന്നിനെ ഞാനെന്നു വിളിച്ചാൽ അതിനെ 'ഐ' എന്നു പേരിടാം. ഒന്നായ 'ഐ' യിൽ ഉണ്ടായി നിലനിന്ന് മറയുന്നതാണ് ഞാനുൾപ്പെടെയുള്ള ഈ പ്രപഞ്ചം. സ്പന്ദനാത്മകമായ ഈ 'ഐ'യിൽ മദ്ധ്യ ആവൃത്തിയിൽ കർമ്മം ചെയ്യാൻ നമ്മെ പ്രാപ്തമാക്കുന്ന ചുവന്ന ദ്രവ്യവും, ഏറ്റവും ആവൃത്തി കുറഞ്ഞ പരിവർത്തനത്തിലൂടെ നിലനിൽപ്പിനാധാരമായ വെളുത്ത ദ്രവ്യവും, ഏറ്റവും ആവൃത്തി കൂടിയ സൃഷ്ടിക്കു നിദാനമായി നിൽക്കുന്ന കറുത്ത ദ്രവ്യവും ഉണ്ട്. ഈ മൂന്നു ദ്രവ്യശക്തികളുടേയും ആകെത്തുകയായ 'ഐ'സ്പന്ദനം കൊണ്ടാണ് എല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഈ 'ഐ'സ്പന്ദനങ്ങൾ ഏതു ഗുണങ്ങളെ കൂട്ടിയും കുറച്ചും ക്രമീകരിക്കുന്നുവോ അതിനാൽ സൃഷ്ടിക്കപ്പെടുന്നതിന് ആ ഗുണാധിക്യമുണ്ടാകും. വെളിച്ചം കാംക്ഷിച്ച് ഇരുളിനെ കൂട്ടിയാൽ അവിടം ഇരുൾമയമാകും.

ഇന്നത്തെ മനുഷ്യൻ ശുദ്ധിക്കു നിദാനമായ ശാന്തമായ നിലനിൽപ്പിന് അനിവാര്യമായ വെളുത്ത ദ്രവ്യത്തെ ശരീര വികാര വിചാരങ്ങളിൽ കുറച്ചതാണ് ഇന്നത്തെ എല്ലാ ദുഃഖങ്ങൾക്കും കാരണം. ഇരുട്ടെത്ര കൂടുന്നുവോ അത്രയും ഭയവും കൂടും. ആധുനിക വിദ്യാഭ്യാസം, വിദ്യാഭ്യാസത്തിന്റെ അത്യുന്നതങ്ങൾ കൈവരിച്ചവർ ഭയത്തിലാണ്ടു പോകുവാൻ കാരണം ഇതാണ്. ഇരുട്ടിനെ പേടിക്കലല്ല വെളിച്ചം ഏറ്റലാണ് വേണ്ടത് . എന്നാലെ അതു വിദ്യയാകൂ. ദീർഘകാല യത്നം അനിവാര്യമായ ഈ പ്രക്രിയ ഇനിയും താമസിച്ചാൽ മനുഷ്യവംശം ഏറ്റവും വലിയ ചോദ്യചിഹ്നമായി മാറും. കറുത്തതും വെളുത്തതുമായ ദ്രവ്യങ്ങളുടെ

സമാവസ്ഥയിലാണ് മനുഷ്യജീവിതം. ഇരുളാധിക്യത്തിലെത്തുമ്പോൾ മൃഗാസുരാദികളും, വെളുത്ത ദ്രവ്യാധിക്യത്തിലെത്തുമ്പോൾ ദിവ്യമായ ജിവിതവും. മനുഷ്യന് മനുഷ്യനാകാനും മൃഗവും രാക്ഷസനും ദേവനും ആകാനും കഴിയും.

ഒരു ദീപത്തിലെ ദീപനാളം ഇരുൾമയമാകുന്നതും ചുവക്കുന്നതും വെളുക്കുന്നതും ഗുണത്തെ ആശ്രയിച്ചിരിക്കും. അതുപോലെ ചിന്തയാകുന്ന നല്ല തിരിയിൽ നല്ല വികാരമാകുന്ന എണ്ണയൊഴിച്ച് ബോധമാകുന്ന ദീപം തെളിച്ചാൽ മർത്യനായി പൂർണ്ണനായി മാറാൻ കഴിയും. ചിന്ത ഇരുട്ടായാൽ എല്ലാം ഇരുൾമയമാകും. ഇരുൾമയമായ ലോകം ഉണ്ടാകാതിരിക്കാൻ പ്രകാശമാനമായ ശുദ്ധമായ ചിന്ത ഉണ്ടായേ പറ്റൂ. ''ചിന്ത നന്നായാൽ എല്ലാം നന്നായി''. ചിന്തയിലുണ്ടായ കോറോണ ചിന്തയാകുന്ന മാദ്ധ്യമത്തിലൂടെ ഒരു യുദ്ധക്കളം സൃഷ്ടിക്കുമ്പോൾ അതിനെ പരിഹരിക്കാൻ ശുദ്ധമായ ചിന്താവികാരാധിഷ്ഠിതമായ പ്രതിരോധശേഷിയുള്ള ശുദ്ധാന്നം ഭക്ഷിക്കുന്ന ശരീരത്തിന്റെ സൃഷ്ടി അനിവാര്യമാണ്. ഓരോ മനുഷ്യന്റെയും മന്ത്രമായി ''ശരീര മനോവിചാരശുദ്ധി മാറട്ടെ''. ഏക ഔഷധം ''ശുദ്ധി''. ശുദ്ധികൾ വേണ്ട ഏകാന്തത. ശുദ്ധി കൈവിടാത്ത മനുഷ്യ സൃഷ്ടിക്കുവേണ്ടി കർമ്മനിരതമാകാൻ പ്രതിജ്ഞാബദ്ധരാവുക. കോറോണ അതിലേക്കുള്ള വഴിത്തിരിവായി മാറട്ടെ.

അടുത്ത ലേഖനത്തിൽ ഹൃസ്വകാല ദീർഘകാല പരിഹാരം